# സംസ്ഥാന സഹകരണ യൂണിയൻ

## കേരള, തിരുവനന്തപുരം



# PROSPECTUS

## JUNIOR DIPLOMA IN CO-OPERATION - JDC 2018-19

## സഹകരണ ജൂനിയർ ഡിപ്ലോമാ കോഴ്സ് – ജെ.ഡി.സി. 2018-19

# സംസ്ഥാന സഹകരണ യൂണിയൻ, കേരള

## തിരുവനന്തപുരം

1969 ലെ കേരള കോ ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് വകുപ്പ് 89 പ്രകാരം കേരള സർക്കാർ രൂപീകരിച്ചിട്ടുള്ള ഒരു നിയമാനുസൃത സ്ഥാപനം (Statutory Body) ആണ് സംസ്ഥാന സഹകരണ യൂണിയൻ, കേരള, സഹകരണ വിദ്യാഭ്യാസം, പരിശീലനം, പ്രചാരണം, ഗവേഷണം എന്നിവയ്ക്ക് പുറമെ, തദ്ദേശ സ്വയംഭരണ സ്താപനങ്ങളുമായി സഹകരിച്ച സാമൂഹിക പ്രതിബദ്ധത ഉറപ്പു വരുത്തുവാനും ഈ സ്ഥാപനം കൊണ്ട് ഉദ്ദേശിക്കുന്നു. സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുടെ പ്രാതിനിധ്യ സഭയായ സംസ്ഥാന സഹകരണ യൂണിയൻ, തിരു-കൊച്ചി, മലബാർ പ്രദേശങ്ങളിലെ സഹകരണ മേഖലയുടെ അനൗദ്യോഗിക സ്ഥാപനമായി 1970 മുതൽ പ്രവർത്തിച്ചു വരുന്നു.

തിരുവനന്തപുരം ആസ്ഥാനമായുള്ള സംസ്ഥാന സഹകരണ യൂണിയന് വിദ്യാഭ്യാസ പരിപാടികളുടെ ഭാഗമായ അംഗവിദ്യാഭ്യാസം (മെമ്പർ എഡ്യൂക്കേഷൻ) നടപ്പിലാക്കാൻ 14 ജനറൽ യൂണിറ്റുകളും 7 വനിതാ യൂണിറ്റുകളും ഉണ്ട്. സഹകരണ സംഘം മെമ്പർമാർ, മാനേജിംഗ് കമ്മിറ്റി മെമ്പർമാർ, ഉദ്യോഗസ്ഥർ എന്നിവർക്കായി വിവിധതരം ഹ്രസ്വകാല പരിശീലന പരിപാടികൾ നടത്തുന്നുണ്ട്.

കേരളത്തിലെ സഹകരണ പരിശീലന പരിപാടികളുടെ മുഖ്യ സംവിധാനം ആണ് സംസ്ഥാന സഹകരണ യൂണിയന്റെ കീഴിലുള്ള സഹകരണ പരിശീലന കേന്ദ്രങ്ങളും സഹകരണ പരിശീലന കോളേജുകളും. ജെ.ഡി.സി. കോഴ്സ് തിരുവനന്തപുരം, കൊട്ടാരക്കര, ചേർത്തല, കോട്ടയം തൃശ്ശൂർ, പാലക്കാട് കോഴിക്കോട്, കണ്ണൂർ, വയനാട്, മുന്നാട് (കാസർഗോഡ്) എന്നീ പത്തു സഹകരണ പരിശീലന കേന്ദ്രങ്ങളിലും നോർത്ത് പറവൂർ, ആറന്മുള, തിരൂർ, തലശ്ശേരി എന്നീ നാല് സഹകരണ പരിശീലന കോളേജുകളിലും, കോട്ടയം സഹകരണ പരിശീലന കേന്ദ്രത്തിന്റെ എക്സ്റ്റൻഷൻ സെന്ററുകളായി പാലാ സഹകരണ പരിശീലന കോളേജിലും ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം സഹകരണ പരിശീലന കേന്ദ്രത്തിലും ഉൾപ്പെടെ പതിനാറ് സ്ഥാപനങ്ങളിൽ സംസ്ഥാന സഹകരണ യൂണിയന്റെ കീഴിൽ സംഘടിപ്പിക്കുന്നു. കൊട്ടാരക്കര, ചേർത്തല, വയനാട്, കണ്ണൂർ എന്നീ നാലു സെന്ററുകളിൽ പട്ടികജാതി/പട്ടകവർഗ്ഗ അപേക്ഷകൾക്ക് മാത്രമായി ഓരോ ബാച്ചുകൾ പ്രത്യേകം നടത്തുന്നുണ്ട്. സംസ്ഥാന സഹ.യൂണിയന്റെ കീഴിൽ തിരുവനന്തപുരം നെയ്യാർ ഡാമിനു സമീപം 12 ഏക്കർ സ്ഥലത്ത് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (കിക്മ) എന്ന സ്ഥാപനം പ്രവർത്തിക്കുന്നു. ഇവിടെ കേരള യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്തതും AICTE അപ്രൂവൽ ഉള്ളതുമായ MBA കോഴ്സും, കിക്മാ കോളേജ് ഓഫ് ആർട്ട്സ് ആന്റ് സയൻസിൽ (കേരള യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ളത്) ഡിഗ്രി കോഴ്സുകളായ ബി.എ. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ബി.കോം കംപ്യൂട്ടർ ആപ്ലിക്കേഷൻ, ബി.എസ്.സി. കംപ്യൂട്ടർ സയൻസ്, ബി.ബി.എ.യും നടത്തുന്നുണ്ട്. സഹകരണ സംഘം ജീവനക്കാർക്ക് (1969 ലെ കേരള സഹകരണ സംഘം ചട്ടം 185 ഉപചട്ടം (1) പ്രകാരമുള്ള പ്രമോഷൻ / ഇൻക്രിമെന്റ് ലഭിക്കുന്നതിനുമുള്ള ട്രെയിനുംഗുകളും സഹ. സംഘം ഭാരവാഹികൾക്കായി, ലീഡർഷിപ്പ് ഡവലപ്പ്മെന്റ് പ്രോഗ്രാം, മാനേജ്മെന്റ് ഡവലപ്പ്മെന്റ് പ്രോഗ്രാം ഇവയും നടത്തി വരുന്നു.

### I. അംഗീകാരം

സഹകരണ പരിശീലന കേന്ദ്രങ്ങൾക്ക് കേരള സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ജെ.ഡി.സി., എച്ച്.ഡി.സി., & ബി.എം. പരീക്ഷകൾ നടത്തുന്നതിന് സഹകരണ സംഘം രജിസ്ട്രാർ ചെയർമാനായി ഒരു കേന്ദ്ര പരീക്ഷാ ബോർഡ് സംസ്ഥാന സർക്കാർ രൂപീകരിച്ചിട്ടുണ്ട്. സഹകരണ ഡിപ്പാർട്ടുമെന്റിലെയും സഹകരണ സ്ഥാപനങ്ങളിലെയും നിയമനങ്ങൾക്ക് ആവശ്യ യോഗ്യതയായി ഈ ഡിപ്ലോമ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

### II. പഠന കാലയളവ്

2018 ജൂൺ 4-ാം തീയതി മുതൽ 2019 മാർച്ച് 31 വരെയാണ് കോഴ്സിന്റെ കാലയളവ്. ഇതിൽ 15 ദിവസം വീതം 2 പ്രാവശ്യം പ്രായോഗിക പരിശീലനത്തിന്റെ കാലയളവായിരിക്കും.

### III. പ്രായപരിധി

**ജനറൽ വിഭാഗം** : 2018 ജൂൺ ഒന്നിന് 16 നും 40 നും മദ്ധ്യേ പ്രായമുള്ളവരായിരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഉയർന്ന പ്രായപരിധി 45 വയസ്സും ഒ.ബി.സി. വിഭാഗക്കാർക്കാരുടെ ഉയർന്ന പ്രായപരിധി 43 വയസ്സും ആയിരിക്കും. വിമുക്ത ഭടൻമാരെ സംബന്ധിച്ച് അവരുടെ പ്രതിരോധ വകുപ്പിലെ സേവന കാലയളവ് പരമാവധി പ്രായപരിധിയിൽ നിന്ന് ഒഴിവാക്കുന്നതാണ്. ഇതിലേക്ക് സേവന ദൈർഘ്യം കാണിക്കുന്ന ബന്ധപ്പെട്ട സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പും അപേക്ഷയോടൊപ്പം ഉൾപ്പെടുത്തിയിരിക്കണം.

**ജീവനക്കാർ :** 2018 ജൂൺ 1 ന് 18 വയസ്സ് തികഞ്ഞിരിക്കണം. ഉയർന്ന പ്രായപരിധി ബാധകമല്ല.

### IV. പ്രവേശനത്തിനുള്ള യോഗ്യത

പ്രവേശനത്തിനുള്ള ഏറ്റവും കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത എസ്.എസ്.എൽ.സി., സി.ബി. എസ്.ഇ., ഐ.സി.എസ്.ഇ., എന്നിവയോ അല്ലെങ്കിൽ തത്തുല്യമായി കേരള സർക്കാർ അംഗീകരിച്ചിട്ടുള്ള പരീക്ഷയോ ജയിച്ചിരിക്കണം. ഗ്രേഡിംഗ് സമ്പ്രദായത്തിലാണെങ്കിൽ ഏറ്റവും കുറഞ്ഞത് D+ ഗ്രേഡെങ്കിലും നേടി ജയിച്ചവരായിരിക്കണം.

### പ്രവേശനത്തിനുള്ള മാനദണ്ഡങ്ങൾ

#### സീറ്റ് വിഭജനം

ഓരോ സെന്ററിലും ആകെയുള്ള സീറ്റുകളിൽ

1. 50% സീറ്റുകൾ വിദ്യാർത്ഥികൾക്ക്
2. 35% സീറ്റുകൾ എല്ലാ വിഭാഗം സഹകരണ സംഘങ്ങളിലെയും ശമ്പളം പറ്റുന്ന ജീവനക്കാർക്ക്.
3. 15% സീറ്റുകൾ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥർക്ക് (സഹകരണം, ഫിഷറീസ്, വ്യവസായ വകുപ്പ്, ക്ഷീര വകുപ്പ്, കയർ ഇവയിലെ ഉദ്യോഗസ്ഥന്മാർക്ക്)

**A.** ജനറൽ വിഭാഗം അപേക്ഷകരെ തെരഞ്ഞെടുക്കുന്നത് ഗ്രേഡിന്റെ മുൻഗണനാ ക്രമമനുസരിച്ച് സെന്റർ അടിസ്ഥാനത്തിലായിരിക്കും. ഓരോ വിദ്യാർത്ഥിക്കും വിവിധ വിഷയങ്ങൾക്ക് ലഭിച്ച ഗ്രേഡിന് ആനുപാതികമായി പോയിന്റ് നൽകി മൊത്തം ലഭിച്ച പോയിന്റും (TGP) ആയതിന്റെ വെയിറ്റഡ് ഗ്രേഡ് പോയിന്റ് ആവറേജും (WGPA) കണ്ട് അതിന്റെ അടിസ്ഥാനത്തിലാണ് പ്രവേശനം നൽകുന്നത്. പഴയ സ്കീമിൽ എസ്.എസ്.എൽ.സി.യോ തത്തുല്യ പരീക്ഷയോ ജയിച്ചവരുടെ മാർക്ക് ഗ്രേഡാക്കി മാറ്റിയശേഷമായിരിക്കും പ്രവേശനത്തിന് പരിഗണിക്കുന്നത്. പ്രീഡിഗ്രി, പ്ലസ്സ് ടു പാസ്സായവർക്ക് ഒരു പോയിന്റും ഡിഗ്രി പാസ്സായവർക്ക് 2 പോയിന്റും ബോണസ് പോയിന്റായി അനുവദിക്കുന്നതാണ്. ആയതിലേക്ക് ടി വിദ്യാഭ്യാസ യോഗ്യ

തകൾ തെളിയിക്കുന്നതിനുള്ള മാർക്ക് ലിസ്റ്റ് / സർട്ടിഫിക്കറ്റിന്റെ ശരിപ്പകർപ്പ് അപേക്ഷയോടൊപ്പം ഉൾക്കൊള്ളിച്ചിരിക്കണം. ആദ്യ തവണ തന്നെ എസ്.എസ്.എൽ.സി. യോ തത്തുല്യ പരീക്ഷയോ എഴുതി ജയിച്ച് തുടർപഠനത്തിന് അർഹത നേടാത്ത അപേക്ഷകരുടെ TGP യിൽ നിന്ന് ഒരു ചാൻസിന് ഒരു പോയിന്റ് വീതം കുറവ് ചെയ്തതിന് ശേഷമാണ് വെയിറ്റഡ് ഗ്രേഡ് പോയിന്റ് ആവറേജ് കണക്കാക്കുന്നത്. ജനറൽ വിഭാഗം അപേക്ഷകർക്ക് നീക്കിവച്ചിട്ടുള്ള സീറ്റുകളിൽ നിന്നും താഴെ പറയുന്ന സംവരണ സീറ്റുകൾ ഒഴിച്ചുള്ള സീറ്റുകളിലേക്കാണ് മെരിറ്റ് അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നത്.

1. പട്ടികജാതി / പട്ടികവർഗ്ഗക്കാർക്ക് വേണ്ടി 10% (പട്ടികജാതി 8% പട്ടികവർഗ്ഗം 2%)
2. മറ്റ് പിന്നോക്ക വിഭാഗക്കാർക്ക് 5%
3. ഡി.സി.പി. പാസ്സായവർക്ക് 5%
4. 40% ത്തിൽ കുറയാതെ അംഗവൈകല്യമുള്ള വികലാംഗർക്ക് ഒരു കേന്ദ്രത്തിൽ 2 സീറ്റുകൾ (ആറന്മുള, പാല, നോർത്ത് പറവൂർ, തിരൂർ തലശ്ശേരി സഹകരണ കോളേജുകളിൽ 1 സീറ്റ്)
5. വിമുക്തഭടൻമാർ / അവരുടെ മകൻ / മകൾ / ഭാര്യ എന്നിവർക്ക് 5%
6. സ്പോർട്സ് ക്വാട്ടയിൽ ഒരു പരിശീലന കേന്ദ്രത്തിന് ഒരു സീറ്റ്

**(ബി) പട്ടികജാതി / പട്ടികവർഗ്ഗക്കാർക്ക് മാത്രമുള്ള സെന്ററുകൾക്ക്**

ഒരു ബാച്ചിൽ ഓരോ സെന്ററിലും 80 സീറ്റുകളാണ് ഉള്ളത്. അറുപത് സീറ്റുകൾ പട്ടികജാതിക്കാർക്കും 20 സീറ്റുകൾ പട്ടികവർഗ്ഗ വിഭാഗത്തിനുമായിരിക്കും. ടി ബാച്ചിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിന് ഓരോ പരിശീലന കേന്ദ്രത്തിനും നിശ്ചയിച്ചിട്ടുള്ള പരിധി ക്രമനമ്പർ VII (ബി) ആയി ചേർത്തിട്ടുണ്ട്. അപേക്ഷകൻ ഏത് പരിശീലന കേന്ദ്രത്തിൽ, എത് വിഭാഗത്തിൽ ചേരാൻ ആഗ്രഹിക്കുന്നുവെന്ന് അപേക്ഷയിൽ വ്യക്തമാക്കിയിരിക്കണം. ഗ്രേഡിന്റെ മുൻഗണനാ ക്രമത്തിൽ സെന്റർ തലത്തിൽ ആയിരിക്കും തെരഞ്ഞെടുപ്പ്. ക്രമനമ്പർ V B യിൽ പറഞ്ഞിരിക്കും പ്രകാരമുള്ള ബോണസ് പോയിന്റിനും അർഹതയുണ്ടായിരിക്കും.

**(സി) സഹകരണ സംഘം ജീവനക്കാർ**

(1) സഹകരണ സംഘത്തിൽ സ്ഥിരം ജീവനക്കാരനായി ഒരു വർഷത്തിൽ കുറയാതെ സേവനം അനുഷ്ഠിച്ചിരിക്കണം. ഒരു വർഷത്തിൽ കുറഞ്ഞ സേവന ദൈർഘ്യമുള്ളവരുടെ അപേക്ഷ നിരസിക്കുന്നതാണ്. സേവന ദൈർഘ്യം കണക്കാക്കുന്നത് 31.03.2018 വരെ പൂർത്തിയാക്കുന്ന കാലമാണ്. അപ്പൻഡിക്സ് III ഉൾപ്പെട്ടിട്ടുള്ളതും ശമ്പള സ്കെയിൽ അനുവദിച്ചിട്ടുള്ളതുമായ സ്ഥിരം ജീവനക്കാർക്ക് സഹകരണ സംഘം ജീവനക്കാർക്ക് നിശ്ചയിച്ചിട്ടുള്ള മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി അപേക്ഷിക്കാവുന്നതാണ് എന്നാൽ ഡെയ്‌ലി വേജസ്, ഓണററി, അപ്രന്റിസ്, കമ്മീഷൻ ഏജന്റ്, താൽക്കാലികം, എന്നീ നിലകളിൽ ജോലി നോക്കുന്നവരെ സഹകരണ സംഘം ജീവനക്കാരായി പരിഗണിക്കുന്നതല്ല. ടി നിലയിലുള്ള സേവനകാലം മൊത്തം സേവന ദൈർഘ്യം കണക്കാക്കുന്നതിൽ ഉൾപ്പെടുത്തുന്നതല്ല. അപേക്ഷ നൽകുമ്പോൾ ജോലി ചെയ്യുന്ന സഹകരണ സംഘത്തിലെ സേവനകാലം മാത്രമേ സേവനകാലമായി പ്രവേശനത്തിന് പരിഗണിക്കുകയുള്ളൂ. മുൻപ് ജോലി ചെയ്തിരുന്ന സംഘത്തിലെ സേവനകാലം പ്രവേശനത്തിന് പരിഗണിക്കുന്നതല്ല. അപേക്ഷകന്റെ സംഘത്തിലെ / ബാങ്കിലെ സേവനകാലം, ചീഫ് എക്സിക്യൂട്ടീവും, (സെക്രട്ടറി / ജനറൽ മാനേജർ / മാനേജിംഗ് ഡയറക്ടർ) പ്രസിഡന്റും അല്ലെങ്കിൽ, ചെയർമാനും അപേക്ഷ ഫാറത്തിലെ സർട്ടിഫിക്കറ്റ് നമ്പർ ഒന്നിൽ സർട്ടിഫൈ ചെയ്തിരിക്കണം. അപ്രകാരമല്ലാത്ത അപേക്ഷ നിരസിക്കുന്നതാണ്. അപേക്ഷ നൽകിയതിനുശേഷം അപേക്ഷ ഫാറത്തിൽ ഉൾപ്പെട്ട സർട്ടിഫിക്കറ്റ് നമ്പർ I, II, III ഇവ സ്വീകരിക്കുന്നതല്ല.

(2) അപേക്ഷകൻ ജോലിനോക്കുന്ന സംഘം സംസ്ഥാന സഹകരണ യൂണിയനിൽ അഫിലിയേറ്റ് ചെയ്തിട്ടില്ലെങ്കിലും പ്രസ്തുത അഫിലിയേഷൻ പുതുക്കിയിട്ടില്ലെങ്കിലും ടി. സംഘത്തിലെ ജീവനക്കാരന്റെ അപേക്ഷ പരിഗണിക്കുന്നതല്ല.

(3) ഒരു സംഘത്തിൽ നിന്നും ഒന്നിലധികം അപേക്ഷകർ ഉള്ള പക്ഷം ഏറ്റവും കൂടുതൽ സേവന ദൈർഘ്യം ഉള്ള ഒരു ജീവനക്കാരന് മാത്രമെ പ്രവേശനം ലഭിക്കാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ. 30 ജീവനക്കാരിൽ കൂടുതൽ ഉള്ളസംഘങ്ങളിൽ നിന്നും രണ്ടുപേരെ തിരഞ്ഞെടുക്കുന്നതാണ്. എന്നാൽ 100 ൽ കൂടുതൽ ജീവനക്കാരുള്ള അപ്പക്സ് / സെൻട്രൽ / മറ്റ് പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും പരമാവധി 5 പേർക്ക് സേവന ദൈർഘ്യത്തിന്റെ അടിസ്ഥാനത്തിൽ പ്രവേശനം നൽകുന്നതാണ്. ഒരേ സംഘത്തിൽ നിന്നും ഒരേ സർവ്വീസുള്ള ജീവനക്കാരുടെ കാര്യത്തിൽ പ്രായം കണക്കാക്കി സീനിയോറിറ്റി നിശ്ചയിക്കുന്നതായിരിക്കും.

ഒരു സംഘത്തിൽ നിന്നും കൂടുതൽ ജീവനക്കാർ ഉണ്ടെങ്കിലും അപേക്ഷകരുടെ സേവന ദൈർഘ്യം അനുസരിച്ച് താലൂക്ക് അടിസ്ഥാനത്തിലായിരിക്കും സെലക്ഷൻ നടത്തുക.

സഹകരണ പരിശീലന കേന്ദ്രങ്ങളിൽ 35% സീറ്റുകളാണ് സഹകരണ സംഘം ജീവനക്കാർക്ക് വേണ്ടി നീക്കി വച്ചിട്ടുള്ളത്. ഇതിൽ കൈത്തറി, കയർ, ഡയറി, വനിതാ വ്യവസായം, മറ്റ് വ്യവസായ സംഘങ്ങൾ, ഫിഷറീസ് സംഘങ്ങൾ എന്നിവയ്ക്ക് വേണ്ടി എല്ലാ സഹകരണ പരിശീലന കേന്ദ്രങ്ങളിലും, ലക്ഷദ്വീപ്, മാഹി, എന്നിവിടങ്ങളിലെ സഹ: സ്ഥാപനത്തിലെ ജീവനക്കാർക്ക് വേണ്ടി യഥാക്രമം കോഴിക്കോട്, കണ്ണൂർ എന്നീ സഹകരണ പരിശീലന കേന്ദ്രങ്ങളിലും സീറ്റുകൾ നീക്കി വച്ചിട്ടുണ്ട്. കൂടാതെ സർക്കിൾ സഹകരണ യൂണിയൻ ജീവനക്കാർക്കായി ഒരു സഹ. പരി. കേന്ദ്രത്തിൽ ഒരു സീറ്റ് ഉൾപ്പെടുത്തിയിട്ടുണ്ട്.

സേവനത്തിലിരിക്കെ മരണമടഞ്ഞ സഹകരണ സംഘം ജീവനക്കാരുടെ ആശ്രിതർ എന്ന നിലയിൽ സംഘത്തിൽ നിയമനം ലഭിച്ചവർക്ക് V സി(3) നിബന്ധനക്ക് വിധേയമല്ലാതെ തന്നെ പ്രവേശനം അനുവദിക്കുന്നതാണ്. അപ്രകാരം പ്രവേശനം നൽകുന്നതിന് ഓരോ പരിശീലന കേന്ദ്രത്തിലും ഒരു സീറ്റ് സംവരണം ചെയ്തിട്ടുണ്ട്.

## VI അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ട സർട്ടിഫിക്കറ്റുകൾ

(സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സ്വയം സാക്ഷ്യപ്പെടുത്തിയിരിക്കണം)

1. ജനനതീയതിയും, വിദ്യാഭ്യാസ യോഗ്യതയും തെളിയിക്കുന്നതിന് എസ്.എസ്.എൽ.സി. ബുക്കിന്റെ ബന്ധപ്പെട്ട പേജുകളുടെ പകർപ്പ്.
2. ബോണസ് പോയിന്റ് കിട്ടാൻ അർഹരായവർക്ക് ആയത് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് / മാർക്ക് ലിസ്റ്റുകളുടെ പകർപ്പുകൾ.
3. എസ്.സി./എസ്.ടി., ഒ.ബി.സി. വിഭാഗക്കാരാണെങ്കിൽ ആയത് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് അല്ലെങ്കിൽ എസ്.എസ്.എൽ.സി.ബുക്കിന്റെ ബന്ധപ്പെട്ട പേജ്.
4. വികലാംഗരുടെ കാര്യത്തിൽ വികലാംഗത്വത്തിന്റെ സ്വഭാവവും, ശതമാനവും തെളിയിക്കുന്നതിന് പ്രസ്തുത വൈകല്യം

സംബന്ധിച്ച് സ്പെഷ്യലൈസ് ചെയ്ത ഡോക്ടറുടെ പക്കൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റിന്റെ സാക്ഷിപ്പെടുത്തിയ പകർപ്പ്.

5. വിമുക്തഭടൻമാർ, അവരുടെ മകൻ / മകൾ / ഭാര്യ എന്നിവരുടെ കാര്യത്തിൽ ആയത് തെളിയിക്കുന്നതിന് സൈനിക വെൽഫെയർ ഡയറക്ടറിൽ നിന്നോ, ജില്ലാ സൈനിക വെൽഫെയർ ഓഫീസറിൽ നിന്നോ ലഭിക്കുന്ന സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

6. സ്പോർട്സ് ക്വാട്ടയിൽ പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന അപേക്ഷകർ അപേക്ഷയും ബന്ധപ്പെട്ട രേഖകളും സ്പോർട്സിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം സംസ്ഥാന സഹകരണ യൂണിയൻ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതും ആയതിന്റെ സാക്ഷ്യപ്പെടുത്തിയ ഫോട്ടോ കോപ്പികൾ സ്പോർട്സ് കൗൺസിൽ സെക്രട്ടറിക്ക് അയച്ച് കൊടുക്കേണ്ടതുമാണ്. മേൽപറഞ്ഞ അപേക്ഷകർക്ക് ജനറൽ വിഭാഗത്തിൽ പ്രവേശനം നേടണമെന്നുണ്ടെങ്കിൽ ആയതിന് പ്രത്യേക അപേക്ഷ സമർപ്പിക്കേണ്ടതാണ്.

7. സഹകരണ സംഘം ജീവനക്കാരുടെ കാര്യത്തിൽ അപേക്ഷയോടൊപ്പം ചേർത്തിട്ടുള്ള 1 മുതൽ 3 വരെയുള്ള സർട്ടിഫിക്കറ്റുകൾ ശരിയായ വിധം പൂരിപ്പിച്ച് അപേക്ഷാ ഫോറത്തിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം സാക്ഷ്യപ്പെടുത്തിയിരിക്കണം. പ്രസ്തുത 3 സർട്ടിഫിക്കറ്റുകളും ഇല്ലാത്ത അപേക്ഷകൾ നിരസിക്കുന്നതാണ്. (ദിവസക്കൂലി, ഓണററി, അപ്രന്റിസ്, കമ്മീഷൻ ഏജന്റ്, താൽക്കാലികം, പാർട്ട് ടൈം എന്നീ നിലകളിൽ ജോലി ചെയ്യുന്നവരെ ജീവനക്കാരായി പരിഗണിക്കുന്നതല്ല. അപ്രകാരമുള്ള സേവനം മൊത്തം സേവനദൈർഘ്യം കണക്കാക്കുന്നതിൽ ഉൾപ്പെടുന്നതല്ല).

**VII.** ജെ.ഡി.സി. സെലക്ഷന് വേണ്ടി നിശ്ചയിച്ചിട്ടുള്ള ഓരോ സഹകരണ പരിശീലന കേന്ദ്രത്തിന്റെയും കോളേജിന്റെയും അധികാര പരിധിയും മേൽ വിലാസവും ചുവടെ ചേർക്കുന്നു.

**(എ) ജനറൽ, സഹകരണസംഘം ജീവനക്കാരുടെ റഗുലർ ബാച്ചുകൾ**

| | സഹ: പരി. കേന്ദ്രത്തിന്റെ / കോളേജിന്റെ മേൽ വിലാസം | അധികാര പരിധി |
|---|---|---|
| 1. | ഡെപ്യൂട്ടി രജിസ്ട്രാർ - പ്രിൻസിപ്പൽ<br>സഹകരണ പരിശീലന കേന്ദ്രം, കവടിയാർ പി.ഒ., കുറവൻകോണം, തിരുവനന്തപുരം,<br>പിൻ. 695003 ഫോൺ : 0471 2436689 | തിരുവനന്തപുരം ജില്ല |
| 2. | ഡെപ്യൂട്ടി രജിസ്ട്രാർ - പ്രിൻസിപ്പൽ<br>സഹകരണ പരിശീലന കേന്ദ്രം, അവന്നൂർ, കൊട്ടാരക്കര പി.ഒ., കൊല്ലം, പിൻ : 691 506<br>ഫോൺ : 0474 2454787 | കൊല്ലം ജില്ല |
| 3. | ഡെപ്യൂട്ടി രജിസ്ട്രാർ - പ്രിൻസിപ്പൽ<br>സഹകരണ പരിശീലന കേന്ദ്രം, ദ്വീപിക ജംഗ്ഷൻ, ചേർത്തല പി.ഒ.,<br>ആലപ്പുഴ, പിൻ : 688 524, ഫോൺ : 0478 2813070 | ആലപ്പുഴ ജില്ലയിലെ ചേർത്തല, അമ്പലപ്പുഴ, കുട്ടനാട്, കാർത്തികപ്പള്ളി താലൂക്കുകളും, എറണാകുളം ജില്ലയിലെ കൊച്ചി താലൂക്കും. |
| 4. | പ്രിൻസിപ്പൽ, (ജെ.ഡി.സി. സെന്റർ)<br>സഹകരണ പരിശീലന കോളേജ്, ആറന്മുള എൻ.എസ്.എസ്.<br>കരയോഗമന്ദിരം, ആറന്മുള പി.ഓ., പത്തനംതിട്ട, പിൻ - 689533<br>ഫോൺ : 0468 2278140 | പത്തനംതിട്ട ജില്ലയും, ആലപ്പുഴ ജില്ലയിലെ മാവേലിക്കര, ചെങ്ങന്നൂർ താലൂക്കുകളും |
| 5. | ഡെപ്യൂട്ടി രജിസ്ട്രാർ - പ്രിൻസിപ്പൽ<br>സഹകരണ പരിശീലന കേന്ദ്രം, നാഗമ്പടം, കോട്ടയം - 686001<br>ഫോൺ : 0481 2564738 | കോട്ടയം ജില്ലയിലെ കോട്ടയം, ചങ്ങനാശ്ശേരി, വൈക്കം താലൂക്കുകളും എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കും |
| 6. | പ്രിൻസിപ്പൽ, (ജെ.ഡി.സി. എക്സ്റ്റൻഷൻ സെന്റർ) സഹകരണ പരിശീലന കോളേജ്<br>മീനച്ചിൽ കോംപ്ലക്സ്, പാല, കോട്ടയം - 686575 ഫോൺ : 0482 - 2213107 | കോട്ടയം ജില്ലയിലെ മീനച്ചിൽ, കാഞ്ഞിരപ്പള്ളി, താലൂക്കുകളും, എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ താലൂക്കും. |
| 7. | പ്രിൻസിപ്പൽ, (ജെ.ഡി.സി. സെന്റർ)<br>സഹകരണ പരിശീലന കോളേജ്, സഹകാരി ഭവൻ, നോർത്ത് പറവൂർ<br>എറണാകുളം - 683513 ഫോൺ : 0484 - 2447866 | എറണാകുളം ജില്ലയിലെ കണയന്നൂർ, കുന്നത്തുനാട്, നോർത്ത് പറവൂർ, ആലുവ താലൂക്കുകളും. തൃശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്കും. |
| 8. | ഡെപ്യൂട്ടി രജിസ്ട്രാർ - പ്രിൻസിപ്പൽ<br>സഹകരണ പരിശീലന കേന്ദ്രം, സിവിൽ ലെയിൻ റോഡ്, അയ്യന്തോൾ,<br>തൃശ്ശൂർ, പിൻ : 680 004 ഫോൺ : 0487 2380462 | തൃശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്ക് ഒഴികെയുള്ള എല്ലാ താലൂക്കുകളും |
| 9. | ഡെപ്യൂട്ടി രജിസ്ട്രാർ - പ്രിൻസിപ്പൽ<br>സഹകരണ പരിശീലന കേന്ദ്രം, വിക്ടോറിയാ കോളേജ് റോഡ്<br>പി.എം.ജി ഹൈസ്ക്കൂളിനു സമീപം പാലക്കാട് 1, ഫോൺ : 0491 2522946 | പാലക്കാട് ജില്ല |
| 10. | പ്രിൻസിപ്പൽ (ജെ.ഡി.സി. സെന്റർ)<br>സഹകരണ പരിശീലന കോളേജ്, സഹകരണ ഭവൻ, മാവുംകുന്ന്<br>തിരൂർ പി.ഒ., മലപ്പുറം 676101 ഫോൺ : 0494 - 2423929 | മലപ്പുറം ജില്ലയിലെ മഞ്ചേരി റവന്യൂ താലൂക്കും പൊന്നാനി, തിരൂർ (തീരൂരങ്ങാടി റവന്യൂ താലൂക്കുകളും), പെരിന്തൽമണ്ണ തൂലൂക്കുകളും. |
| 11. | ഡെപ്യൂട്ടി രജിസ്ട്രാർ - പ്രിൻസിപ്പൽ<br>സഹകരണ പരിശീലന കേന്ദ്രം, തളി, കോഴിക്കോട്<br>പിൻ : 673 002, ഫോൺ : 0495 2702095 | കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി, കോഴിക്കോട് എന്നീ താലൂക്കുകളും മലപ്പുററം ജില്ലയിലെ നിലമ്പൂർ താലൂക്കും. |
| 12. | ഡെപ്യൂട്ടി രജിസ്ട്രാർ - പ്രിൻസിപ്പൽ<br>സഹകരണ പരിശീലന കേന്ദ്രം, കരണി പി.ഒ., വയനാട്, ഫോൺ : 04936 289725 | വയനാട് ജില്ല |
| 13. | ഡെപ്യൂട്ടി രജിസ്ട്രാർ - പ്രിൻസിപ്പൽ<br>സഹകരണ പരിശീലന കേന്ദ്രം, ചേനോളി ജംഗ്ഷൻ, സൗത്ത് ബസാർ,<br>കണ്ണൂർ 2, ഫോൺ : 0497 2706790 | കണ്ണൂർ ജില്ലയിലെ കണ്ണൂർ, തളിപറമ്പ് താലൂക്കുകൾ |
| 14. | ഡെപ്യൂട്ടി രജിസ്ട്രാർ - പ്രിൻസിപ്പൽ<br>സഹകരണ പരിശീലന കേന്ദ്രം, മൂന്നാട്, മൂന്നാട് പി.ഒ. (വഴി) ചെങ്കള<br>കാസറഗോഡ് 671541 ഫോൺ : 04994 - 207350 | കാസർഗോഡ് ജില്ല |
| 15. | പ്രിൻസിപ്പൽ, സഹകരണ പരിശീലന കേന്ദ്രം<br>സർക്കിൾ സഹകരണ യൂണിയൻ മന്ദിരം, പടിഞ്ഞാറേ കവല, നെടുംങ്കണ്ടം<br>ഇടുക്കി - 686553 ഫോൺ : 04868 - 234311 | ഇടുക്കി ജില്ല |
| 16. | പ്രിൻസിപ്പൽ, സഹകരണ പരിശീലന കോളേജ്<br>മണ്ണയാട്, നെടൂർ, പി.ഒ., തലശ്ശേരി. ഫോൺ : 0490 - 2354065 | കണ്ണൂർ ജില്ലയിലെ തലശ്ശരി താലൂക്കും കോഴിക്കോട് ജില്ലയിലെ വടകര താലൂക്കും |

**(ബി) പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗക്കാർക്ക് മാത്രമായുള്ള ബാച്ചുകൾ**

1. സഹകരണ പരിശീലന കേന്ദ്രം, കൊട്ടാരക്കര, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകൾ
2. സഹകരണ പരിശീലന കേന്ദ്രം, ചേർത്തല, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകൾ
3. സഹകരണ പരിശീലന കേന്ദ്രം, കണ്ണൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകൾ
4. സഹകരണ പരിശീലന കേന്ദ്രം, വയനാട്, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകൾ

**സഹകരണസംഘം ജീവനക്കാരിൽ പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും മേൽപ്പറഞ്ഞ പട്ടികജാതി / പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള പരിശീലനകേന്ദ്രങ്ങളിൽ അപേക്ഷിക്കാവുന്നതാണ്.**

**VIII.** പല വിഭാഗങ്ങളിലേക്ക് അപേക്ഷ സമർപ്പിക്കേണ്ടതുള്ളതുകൊണ്ട് അപേക്ഷകർ ഏത് വിഭാഗത്തിൽ ഏത് പരിശീലന കേന്ദ്രത്തിൽ അപേക്ഷിക്കുന്നുവെന്നുള്ളത് അപേക്ഷാ ഫോറത്തിൽ വ്യക്തമായി എഴുതിയിരിക്കണം.

**IX. അപേക്ഷകൾ മേൽപ്പറഞ്ഞ സഹകരണ പരിശീലന കേന്ദ്രങ്ങളിൽ / കോളേജുകളിൽ നിന്ന് ജനറൽ വിഭാഗം 75/- രൂപയ്ക്ക് നേരിട്ടും 105/- രൂപയ്ക്ക് മണിയോർഡർ ആയി തപാൽ മുഖേനയും, സഹകരണ സംഘം ജീവനക്കാരുടെ വിഭാഗം 150/- രൂപയ്ക്ക് നേരിട്ടും 180/- രൂപയ്ക്ക് മണിയോർഡർ ആയി തപാൽ മുഖേനയും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 50/- രൂപയ്ക്ക് നേരിട്ടും, 80/- രൂപയ്ക്ക് മണിയോർഡർ ആയി തപാൽ മുഖേനയും 2018 ഫെബ്രുവരി 15-ാം തീയതി മുതൽ 2018 മാർച്ച് 31 വരെ ലഭിക്കുന്നതാണ്. ചെക്ക്, ഡ്രാഫ്റ്റ് എന്നിവ സ്വീകരിക്കുന്നതല്ല. മണിയോർഡർ 2018 മാർച്ച് മാസം 20-ാം തീയതി വരെ മാത്രമെ സ്വീകരിക്കുകയുള്ളൂ.**

**X പൂരിപ്പിച്ച അപേക്ഷകൾ 2018 മാർച്ച് മാസം 31-ാം തീയതി വൈകിട്ട് 5.00 മണിക്ക് മുൻപായി ബന്ധപ്പെട്ട സഹകരണ പരിശീലനകേന്ദ്രം / കോളേജ് പ്രിൻസിപ്പാളിന് (പരിശീലന കേന്ദ്രങ്ങളുടെയും കോളേജുകളുടെയും മേൽവിലാസം VII(എ) ആയി ചേർത്തിട്ടുണ്ട്.) ലഭിച്ചിരിക്കണം. സംസ്ഥാന സഹകരണ യൂണിയൻ സെക്രട്ടറിയുടെ പേരിൽ സമർപ്പിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. എന്നാൽ സ്പോർട്സ് ക്വാട്ടയിൽ അപേക്ഷിക്കുന്നവരുടെ അപേക്ഷകൾ സംസ്ഥാന സഹ. യൂണിയൻ സെക്രട്ടറിയുടെ പേരിൽ അയക്കേണ്ടതും ആയതിന്റെ സാക്ഷ്യപ്പെടുത്തിയ ഫോട്ടോ കോപ്പികൾ സ്പോർട്സ് കൗൺസിൽ സെക്രട്ടറിക്ക് അയച്ചുകൊടുക്കേണ്ടതുമാണ്.**

**XI** നിശ്ചിത ഫോറത്തിൽ അല്ലാത്തതോ, ഒപ്പിടാത്തതോ, അപൂർണ്ണമായതോ, നിശ്ചിത രേഖകൾ/ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടില്ലാത്തതോ, നിശ്ചിത സമയത്തിനും തീയതിക്കും ശേഷം ലഭിക്കുന്നതോ ആയ അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. അപേക്ഷയിൽ ഏതെങ്കിലും ന്യൂനതകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് അപേക്ഷ സമർപ്പിച്ച ശേഷം അവസരം നൽകുന്നതല്ല.

**XII** സെലക്ഷൻ നടത്തുന്നതിനുള്ള അധികാരം സംസ്ഥാന സഹകരണ യൂണിയൻ മാനേജിംഗ് കമ്മിറ്റിക്ക് ആയിരിക്കുന്നതും, ഇത് സംബന്ധമായി മാനേജിംഗ് കമ്മിറ്റി അപ്പപ്പോൾ കൈക്കൊള്ളുന്ന തീരുമാനം സെലക്ഷന് ബാധകമായിരിക്കുന്നതുമാണ്. സെലക്ഷൻ സംബന്ധിച്ച മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.

**XIII** കോഴ്സിന് തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ബന്ധപ്പെട്ട ട്രെയിനിംഗ് സെന്ററിൽ / കോളേജിൽ നിന്നും ഇന്റർവ്യൂ കാർഡ് അയയ്ക്കുന്നതാണ്. പ്രിൻസിപ്പൽ നടത്തുന്ന ഇന്റർവ്യൂവിന് ശേഷം അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ള പകർപ്പുകളുടെയും അപേക്ഷയിലെ മറ്റു വിവരങ്ങളുടെയും നിജസ്ഥിതി ബോധ്യപ്പെട്ട ശേഷവും സെലക്ഷൻ ലഭിച്ചവർക്ക് പ്രവേശനം അനുവദിക്കുന്നതാണ്.

**XIV** ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കുന്നവർ കോഴ്സിന്റെ ഫീസായ 10,000 രൂപയിൽ (ട്യൂഷൻ ഫീസ് 7000 + കമ്പ്യൂട്ടർ ഫീസ് 3000) ആദ്യഗഡുവായ 2000 രൂപ പ്രവേശന സമയത്തും ബാക്കി വരുന്ന 8000 രൂപ എട്ട് തുല്യ ഗഡുക്കളായി പ്രതിമാസം 1000 രൂപ ക്രമത്തിൽ നിർദ്ദേശാനുസരണം നൽകേണ്ടതാണ്. കൂടാതെ ഓരോ വിദ്യാർത്ഥിയും താഴെ പറയുന്ന ഫീസുകൾ കൂടി പ്രവേശന സമയത്ത് നൽകേണ്ടതാണ്.

| | | |
|---|---|---|
| 1. | പ്രവേശന ഫീസ് | : 200 രൂപ |
| 2. | സ്പെഷ്യൽ ഫീസ് | : 150 രൂപ |
| 3. | സ്റ്റേഷനറി ഫീസ് | : 200 രൂപ |
| 4. | ലൈബ്രറി ഫീസ് | : 300 രൂപ |
| 5. | സഹകരണ ജേർണൽ വരിസംഖ്യ | : 250 രൂപ |
| 6. | കലണ്ടർ ഫീസ് | : 50 രൂപ |
| 7. | കോഷൻ ഡെപ്പോസിറ്റ് | : 500 രൂപ (മടക്കി നൽകുന്നത്) |
| 8. | കെട്ടിട ഫണ്ട് | : 300 രൂപ |
| 9. | കലോൽസവ ഫീസ് | : 200 രൂപ |
| | **ആകെ** | **: 2150 രൂപ** |

**XV** കോഷൻ ഡെപ്പോസിറ്റ് ഒഴികെയുള്ള മറ്റ് ഫീസുകളൊന്നും തന്നെ യാതൊരു കാരണവശാലും മടക്കി നൽകുന്നതല്ല.

**XVI** പ്രവേശനം നേടിയ ശേഷം പഠനം നിർത്തിപ്പോകുന്ന വിദ്യാർത്ഥികൾ അടക്കുവാൻ ബാക്കി നിൽപ്പുള്ള മുഴുവൻ ട്യൂഷൻ ഫീസും അടച്ചതിനുശേഷം മാത്രമേ സർട്ടിഫിക്കറ്റും ടിസിയും തിരികെ ലഭിക്കുകയുള്ളൂ. എന്നാൽ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ടി വ്യവസ്ഥയിൽ ഇളവ് അനുവദിച്ചിട്ടുണ്ട്.

**XVII** ഒരു വിദ്യാർത്ഥി അഡ്മിഷൻ നേടിയത് കളവായ വിവരങ്ങൾ അപേക്ഷയിൽ രേഖപ്പെടുത്തിയാണെന്നോ അഥവാ വ്യാജരേഖകൾ ചമച്ച് അവ ഹാജരാക്കിയതാണെന്നോ പിന്നീട് കാണപ്പെടുന്ന പക്ഷം പ്രസ്തുത വിദ്യാർത്ഥിയെ പരിശീലനത്തിൽ നിന്നും പിരിച്ച് വിടുന്നതും, ടി. വിദ്യാർത്ഥിക്കും, വ്യാജ രേഖ ചമയ്ക്കാൻ സഹായിച്ചിട്ടുള്ള വ്യക്തികൾക്കും എതിരെ ഇന്ത്യൻ ശിക്ഷാ നിയമപ്രകാരമുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതാണ്.

**XVIII.** മേൽ കാണിച്ചിട്ടുള്ള നിബന്ധനകൾ പുന: പരിശോധനാ വിധേയമാണ്.

Sd/-

**അഡി. രജിസ്ട്രാർ / സെക്രട്ടറി**

# KERALA INSTITUE OF CO-OPERATIVE MANAGEMENT

(Established by State Co-operative Union, Kerala)

Neyyardam, Thiruvananthapuram – 695572

# KICMA



**FIRST B-SCHOOL AND ARTS & SCIENCE COLLEGE IN CO-OPERATIVE SECTOR IN KERALA**
**(Approved by AICTE & Affiliated to University of Kerala)**

1. **KICMA B-SCHOOL** — **M.B.A.** (Finance, Marketing , HR, Systems etc)
2. **KICMA College of Arts & Science**
   - **B.B.A**
   - **B.Com**
   - **B.Sc** (COMPUTER SCIENCE)
   - **B.A** (COMMUNICATIVE ENGLISH)
3. **National Urban Livelihood Mission(NULM) Programmes:**
   - **Accounts Assistant Using Tally**
   - **Accounting**
   - **Junior Marketing Associate**

competition success review

| RANKED KICMA NO 1* B School in Kerala (Government Sector) | RANKED KICMA 12th Best B School in All India Ranking (Government Sector) |
| --- | --- |

*CSR-GHRD SURVEY 2017

THE WEEK

RANKED KICMA 22nd Best B School in All India Ranking (Government Sector)

Contact : 08547618290 / 0471-2272604,
e- mail id : kicmamba@gmail.com / kicmacollege@gmail.com
Website : www.kicmakerala.in


University Co-Operative Press, tvpm. 2322743